അധിക ധനസഹായമായി നൽകാൻ അവശേഷിക്കുന്ന ടി 246.612 കോടി രൂപയിൽ 150 കോടി രൂപ 2015 നവംബർ മാസം 28-ാം തീയതി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ 80 ശതമാനം വിനിയോഗം ആകുന്ന മുറയ്ക്ക് ശേഷിക്കുന്ന 96.612 കോടി രൂപ അനുവദിക്കുന്നതാണ്.

(ഡി) ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള തീരുമാനം പിൻവലിക്കുകയും പകരം അധിക ധനസഹായം നൽകുന്നതിനായി സംസ്ഥാന സർക്കാർ 500 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ 300 കോടി രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഈ 300 കോടി രൂപയുടെ 80% വിനിയോഗിക്കുന്ന മുറയ്ക്ക് അടുത്ത ഗഡു അനുവദിക്കുന്നതാണ്.

പി.എം.ജി. എസ്.വൈ.

9 (1480) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം പി.എം. ജി. എസ്. വൈ. പ്രകാരം എന്ത് തുക വീതം ഓരോ വർഷം കേന്ദ്രസർക്കാരിൽ നിന്നും അനുവദിച്ചിട്ടുണ്ട്;

(ബി) ഓരോ വർഷവും അനുവദിക്കപ്പെട്ട തുകയിൽ എന്ത് തുക വീതം ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ)

വർഷം	അനുവദിച്ച തുക (കോടി രൂപയിൽ)
2011-12	200.000
2012-13	0.000
2013-14	0.000
2014-15	150.000
2015-16	54.749

LIBRARY ARCHIVES Kerala Legislative Assembly

(ബി)

വർഷം	മുൻ നീക്കിയിരിപ്പ് അടക്കം ചെലവഴിച്ച തുക (കോടി രൂപയിൽ)
2011-12	57.844
2012-13	57.293
2013-14	121.155
2014-15	190.594
2015-16	46.531

പി.എം.ജി.എസ്.വൈ.

10 (1481) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ ഓരോ വർഷവും പി.എം.ജി.എസ്.വൈ പ്രകാരം സംസ്ഥാനത്തിന് എത്ര തുക വീതം കേന്ദ്ര ഫണ്ടായി ലഭിച്ചിട്ടുണ്ടെന്നും ഇതിൽ നിന്നും ഓരോ ജില്ലകളിലെ പ്രവൃത്തികൾക്കായി എത്ര തുക വീതം ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) പി.എം.ജി.എസ്.വൈ. പ്രകാരം പൂർത്തിയാക്കിയ പ്രവൃത്തികളുടെ തുക പൂർണ്ണമായും നൽകിയിട്ടുണ്ടോ എന്നും കുടിശ്ശിക ഉണ്ടെങ്കിൽ ഏതു വർഷം മുതൽ കുടിശ്ശികയായിയെന്നും വ്യക്തമാക്കുമോ;

(സി) പി.എം.ജി.എസ്.വൈ. പ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കേണ്ട കാലയളവ് എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2010 മുതൽ ഓരോ വർഷവും പി.എം.ജി.എസ്.വൈ. പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുക ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly